## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1875** **19.06.2012-ൽ മറുപടിയ്ക്ക്**

## കമ്പനിവൽക്കരണം കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കും വിദ്യുച്ഛക്തി ബോർഡിനും ജീവനക്കാർക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 2003-ലെ വൈദ്യുതി നിയമത്തിലെ 131 മുതൽ 134 വരെയുള്ള വകുപ്പുകളിൽ വൈദ്യുതി ബോർഡുകളുടെ പുന:സംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡുകളുടെ ആസ്തി ബാദ്ധ്യതകൾ അതതു സംസ്ഥാന സർക്കരിലേയ്ക്ക് ഒരു ട്രാൻസ്ഫർ സ്കീമിലൂടെ നിക്ഷിപ്തമാക്കേണ്ടതും ആസ്തി-ബാദ്ധ്യതകൾ ഒരു ഗവൺമെൻറ് കമ്പനിയിലേക്കോ കമ്പനികളിലേയ്ക്കോ പുനർനിക്ഷിപ്തമാക്കേണ്ടതുമാണ്. വൈദ്യുതി മേഖലയിൽ നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം പൂർണ്ണമായും കേരളത്തിലെ ജനങ്ങളിലെത്തിക്കാൻ 2003 ലെ വൈദുതി നിയമത്തിലെ വ്യവസ്ഥകൾ കേരള സംസ്ഥാനവും പാലിക്കേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം വൈദ്യുതി മേഖലയുടെ വികസനത്തിനും, അതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും ഉപകരിക്കും. |
| (ബി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം എന്ന ആശയം പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻ കീഴിൽ പൊതു മേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിന് 25-08-2008ലെ സർക്കാർ ഉത്തരവ് (എം.എസ്) 29/08/പി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് |

25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/2008/ഊ.വ പ്രകാരം കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യ തകൾ സർക്കാരിൽ നിക്ഷിപ്തമാക്കി കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിന്റെ ഖണ്ഡിക 6(1) അനുശാസിച്ചിരുന്നത്. ഇതിനായുള്ള നടപടിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011ന് രജിസ്റ്റർ ചെയ്യുകയും ചെയ്തു. വൈദ്യുതി ബോർഡിന്റെ ആസ്തി-ബാദ്ധ്യതകളെയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്) വിജ്ഞാപനം ചെയ്യുക എന്നത് സർക്കാരിന്റെ നിയമപരമായ ബാദ്ധ്യതയായതിനാൽ ഇക്കാര്യം പുന:പരിശോധിക്കാൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ.